റോഡപകടങ്ങൾ ഉണ്ടാക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടി

357 (2187) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥിരമായി റോഡപകടങ്ങൾ ഉണ്ടാക്കുന്നവരുടെ ലൈസൻസ് പൂർണ്ണമായും റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 19-ാം വകുപ്പ് അനുസരിച്ച് സ്ഥിരം കുറ്റവാളികളോ, മദ്യപാനികളോ, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരോ കുറ്റകൃത്യങ്ങൾ നടത്താൻ വാഹനം ഉപയോഗിച്ചവരോ, ഉപയോഗിക്കുന്നവരോ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാക്കുംവിധം വാഹനമോടിക്കുന്നവരോ ആയ ഡ്രൈവർമാരുടെ ലൈസൻസ് അപകടങ്ങളുടെ ഗൗരവം അനുസരിച്ച് ഒരു നിശ്ചിത കാലയളവിലേക്ക് അയോഗ്യമാക്കുകയും പതിവായി അപകടങ്ങൾ സൃഷ്ടിക്കുന്നവരും പല തവണ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെട്ടവരും നിരന്തരം ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുമായ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുകയും ചെയ്യാറുണ്ട്.

ഗതാഗതവകുപ്പിന് കീഴിലുള്ള പദ്ധതികൾ

358 (2188) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഗതാഗതവകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഇതിൽ എത്ര തുക വീതം ഓരോ പദ്ധതിക്കും അനുവദിച്ചു ; എത്ര തുക വീതം പിൻവലിക്കാതെ ട്രഷറിയിൽ ബാക്കിയുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇവയിൽ തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ ഓരോ വർഷവും എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly